(ബി) ഇതിൽ എത്ര സംഖ്യ ചെലവാക്കി;

(സി) പണി എത്രകണ്ട് പുരോഗമിച്ചു ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള):

(എ) 9,000 രൂപാ.

(ബി) മുഴുവൻ ചെലവാക്കിയിട്ടില്ല.

(സി) മൈൻ സപ്പ് പൂർത്തിയായി, ജോലി തുടർന്ന് നടക്കുന്നതാണ്. (ഈ സാമ്പത്തികവർഷത്തിൽതന്നെ ജോലി പൂർത്തിയാക്കപ്പെടും.)

കടലാക്രമണം

*ഫ 000. (ചോ ർ) ശ്രീ. ജോസഫ് മാത്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ചേർത്തല താലൂക്കിൽ പള്ളിത്തോട് പ്രദേശത്ത് കടലാക്രമണമുണ്ടായതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവിടെ ഗ്രോയിൻ കെട്ടുന്നതിനു് എന്തെങ്കിലും നടപടി ഇതിനകം എടുത്തിട്ടുണ്ടോ;

(സി) ഇക്കൊല്ലംതന്നെ ഗ്രോയിൻ കെട്ടാത്തപക്ഷം ആ പ്രദേശം കടലാക്രമണംമൂലം അടുത്ത ഏതാനും കൊല്ലങ്ങൾകൊണ്ട് പാടെ നശിച്ചുപോകുമെന്ന ഗവൺമെൻറിനെ അറിയിച്ചിട്ടുണ്ടോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള):

(എ) ഉണ്ട്.

(ബി) അതിനെ സംബന്ധിച്ചു നടപടികൾ എടുത്തുവരുന്നുണ്ട്.

(സി) അറിയിച്ചിട്ടുണ്ട്.

ശ്രീ. പൌലോസ് പൈലി: വടക്കൻ താലൂക്കിലല്ലാതെ രാജ്യത്തിന്റെ മറ്റു പല ഭാഗങ്ങളിലും കടലാക്രമണം ഉണ്ടായതിനു് ഗവൺമെൻറ് എന്തെങ്കിലും പ്രതിവിധി ചെയ്യുകയുണ്ടായോ ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: അപ്രകാരം ചെയ്യുന്നതിനു എന്തെങ്കിലും സ്കീം ഉണ്ടോ എന്നു് ഇപ്പോൾ പറയുവാൻ സാധ്യമല്ല.

മത്സ്യത്തൊഴിലാളികൾക്ക് തുൽവിതരണം

*ഫ 001. (ചോ ർ) ശ്രീ. ജോസഫ് മാത്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട കൃഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തീരപ്രദേശത്തുള്ള മത്സ്യത്തൊഴിലാളികൾക്ക് ആവശ്യത്തിനുവേണ്ടിടത്തോളം തുൽ ഇന്നു ലഭിക്കുന്നില്ലെന്നുള്ള വിവരം ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനെന്തു നടപടിയാണു് സ്വീകരിച്ചിട്ടുള്ളതു് ?

ധനകാര്യവും കൃഷ്യവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര):

(എ) ഉണ്ട്.

(ബി) മത്സ്യവ്യവസായികൾക്ക് ആവശ്യത്തിനു് തുൽ കൂടുതൽ തരുന്നതിനു് ബാംബെ ടെക്സ്റ്റയിൽ കമ്മീഷണർക്ക് നിവേദനങ്ങൾ നടത്തിയിട്ടുണ്ട്. അവയ്ക്കു മറുപടി പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. ജോസഫ് മാത്തൻ: മത്സ്യവ്യവസായികൾക്കു തുൽ വിതരണം നടത്തുന്നതു് ഫിഷറി ഡിപ്പാർട്ട്മെണ്ടുവഴിയാണോ ?

LIBRARY ARCHIVES Kerala Legislative Assembly